1 ഫെബ്രുവരി 2018

വില 25 രൂപ

# വിജ്ഞാനകൈരളി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം



## പ്ലാസ്റ്റിക് യുഗവും പരിസര മലിനീകരണവും

## നവമാധ്യമകാലത്തെ മലയാളചലച്ചിത്രം

ISSN 2349-1051

9 772349 105005 >

## ദലിത് സാഹിത്യം സ്വാതന്ത്ര്യ പൂർവഘട്ടത്തിൽ

# വൃത്തസങ്കൽപ്പം ഒ. എൻ. വിക്കവിതയിൽ


ഡോ. ആർ ഹരിശ്ചന്ദ്രൻ

വൃത്തം കവിതയുടെ അനിവാര്യഘടകമാണെന്നു വിശ്വസിച്ച ആധുനിക കവിയാണ് ഒ. എൻ. വി കുറുപ്പ്. കാൽപ്പനികതയുടെ പുഷ്കലകാലം മുതൽ ആധുനികാനന്തരകാലം വരെ കാവ്യലോകത്തിൽ വിരാജിച്ച കവി വ്യത്യസ്ത ഭാവുകത്വ പരിണാമങ്ങൾക്കു വിധേയമായിക്കൊണ്ടു വിഷയാദാനത്തിലും ആവിഷ്കരണത്തിലും ഒട്ടേറെ മാറ്റങ്ങൾ കവിതയിൽ വരുത്തിയെങ്കിലും കവിതയ്ക്കു വൃത്തം വേണമെന്ന പരമ്പരാഗതസങ്കൽപ്പത്തിൽനിന്നദ്ദേഹം പിന്മാറിയതേയില്ല. വൃത്തം പദ്യത്തിന്റെ ആത്മാവാണെന്ന ധാരണയായിരുന്നു ആദ്യന്തം ഒ. എൻ. വിയെ ഭരിച്ചിരുന്നത്. തന്മൂലം മലയാളകവിതയുടെ പാരമ്പര്യത്തിൽ ഉറച്ചുനിന്ന കവിയായിമാറി ഒ. എൻ. വി.

താളത്തിൽ നീട്ടിചൊല്ലാനുള്ള പാട്ടുകളായിട്ടാണ് മലയാളത്തിൽ സാഹിത്യം പിറവിയെടുത്തത്. നാടൻപാട്ടുകളിലൂടെയും രാമചരിതം മുതലുള്ള പാട്ടുപ്രസ്ഥാനത്തിൽപ്പെട്ട കൃതികളിലൂടെയും ആരംഭിച്ച പാട്ടുപാരമ്പര്യം കൃഷ്ണഗാഥ എന്ന കൃഷ്ണപ്പാട്ട്, കണ്ണശ്ശപ്പാട്ട്, കിളിപ്പാട്ട്, ആട്ടപ്പാട്ട്, തുള്ളൽപ്പാട്ട്, വഞ്ചിപ്പാട്ട് തുടങ്ങിയവയിലൂടെയാണ് നമ്മുടെ സാഹിത്യം വികസ്വരമായത്. ഇവയ്ക്കെല്ലാം ആധാരമായി വർത്തിച്ചത് ചൊല്ലാനുതകുന്ന താളത്തെ ആധാരമാക്കി രൂപംകൊണ്ട വൃത്തങ്ങളാണ്. ഈ വൃത്തപദ്ധതിക്കു സമാന്തരമായി സംസ്കൃത വൃത്തരീതിയും മലയാളത്തിൽ മണിപ്രവാളകാലം തൊട്ടേ പ്രചരിച്ചിരുന്നെങ്കിലും താളത്തിൽ ചൊല്ലാൻ സാധ്യതയേറിയ പാട്ടുപ്രസ്ഥാനത്തിലൂടെ രൂപംകൊണ്ട വൃത്തങ്ങളാണ് ഭാഷാവൃത്തങ്ങളായി മാറിയത്. ആ പാട്ടുവൃത്തങ്ങളാണ് ഭാഷാവൃത്തമായി പരിണമിച്ചത്.

മലയാളകവിതയിൽ ആധുനികതയുടെ ആരംഭംവരെ വൃത്തം കവിതയുടെ അനിവാര്യഘടകമായിട്ടാണ് കരുതിപോന്നത്. വൃത്തമില്ലാതെ എഴുതുന്നവയെ കവിതയെന്നു പറഞ്ഞിരുന്നതേയില്ല. എന്നാൽ പ്രതിപാദ്യത്തിലും പ്രതിപാദനത്തിലും ഒട്ടേറെ മാറ്റങ്ങളുമായി രൂപപ്പെട്ട ആധുനികതയിൽ പരമ്പരാഗതകാവ്യസങ്കൽപ്പങ്ങളുടെ നിരാസം മുഖ്യസ്വഭാവമായി മാറിയപ്പോൾ കവിതയ്ക്കു വൃത്തവുമാവശ്യമില്ലെന്നുവന്നു. കവിതാപരീക്ഷണങ്ങളിൽ മുഖ്യമായിത്തീർന്നത് വൃത്തമില്ലാത്ത കവിതകളുടെ രചനകളാണ്. മഹാകാവ്യമെഴുതി മഹാകവികളായതുപോലെ വൃത്തമില്ലാതെ എഴുതി ആധുനികകവികളായിമാറുന്ന സ്ഥിതി മലയാളകവിതയിൽ സംജാതമായി. ആ നില ഇപ്പോഴും തുടരുന്നു. വൃത്തനിരാസത്തിന്റെ വേലിയേറ്റം മലയാളകവിതയെ ഇങ്ങനെ പിടിച്ചുലുക്കിയപ്പോഴും വൃത്തം വിടാതെ പിടിച്ചുനിന്ന കവികളിൽ പ്രമുഖനാണ് ഒ. എൻ. വി കാൽപ്പനികകാലം മുതൽ ആധുനികാനന്തരകാലംവരെ മലയാളകവിതയോടൊപ്പം നിന്നുകൊണ്ട് അതതു കാലഘട്ടത്തിലെ മുഖ്യപ്രവണതകൾ തന്റെ കവിതയിലേക്കാവാഹിച്ച ഒ. എൻ. വി ഒരിക്കൽപ്പോലും വൃത്തമില്ലാത്ത കവിത എഴുതാൻ മുതിർന്നില്ല. 1940 തൊട്ട് 2011 വരെ പ്രസിദ്ധീകരിച്ച ഇരുപത്തിയഞ്ചോളം കാവ്യസമാഹാരങ്ങളിലെ മുഴുവൻ കവിതകളെയും മുൻനിർത്തിയാണിങ്ങനെ പറയുന്നത്. ഈയൊരു വസ്തുതയാണ് ഒ. എൻ. വിയുടെ കവിതയിലെ വൃത്തസങ്കൽപ്പത്തെക്കുറിച്ചന്വേഷിക്കാൻ പ്രേരണ നൽകുന്ന പശ്ചാത്തലം.

മലയാളകവിതയുടെ പ്രാരംഭകാലം മുതൽ രണ്ടുതരത്തിലുള്ള വൃത്തങ്ങളാണ് ഇവിടെ പ്രചാരത്തിലുണ്ടായിരുന്നത്; സംസ്കൃതവൃത്തവും ഭാഷാവൃത്തവും. താളത്തിൽ ചൊല്ലുന്ന രീതിയിൽനിന്ന് ആലാപനാത്മകമായി ചൊല്ലാനുതകുന്ന ഗണവ്യവസ്ഥയാണ് സംസ്കൃതവൃത്തത്തിനുള്ളത്. അതുകൊണ്ടുതന്നെ താളത്തിൽ ചൊല്ലാനുള്ള സാധ്യത സംസ്കൃതവൃത്തത്തിനു പൊതുവേ കുറവാണ്. കവിത താളത്തിൽ ചൊല്ലേണ്ട പാട്ടാണെന്ന സങ്കൽപ്പമുണ്ടായിരുന്ന ഒ. എൻ. വി അനവധി സംസ്കൃതവൃത്തങ്ങൾ ഉണ്ടായിരുന്നിട്ടും ശാർദ്ദൂലവിക്രീഡിതം അനുഷ്ടുപ്പ് എന്നീ രണ്ടു വൃത്തങ്ങൾ മാത്രമാണ് ആകെ സ്വീകരിച്ചത്. അക്ഷരം എന്ന സമാഹാരത്തിലെ കൊടുങ്കാറ്റിനുമുമ്പ്, ചിത്രപൗർണമി എന്നീ രണ്ടു കവിതകളാണ് ശാർദ്ദൂല



*ഒ.എൻ.വി.*

വിക്രീഡിതത്തിലുള്ളത്. സന്ധ്യയും മഴവില്ലും കുറുമൊഴികൾ, സിയുസ്, മരണത്തിന്നപ്പുറം, കല്യാണോവ്, ആറാം സിംഫണി, കടിഞ്ഞൂൽപൊട്ടൻ, ശ്യാമയാമങ്ങൾ, പ്രതിഷ്ഠാന കാണ്ഡം, ഗുരു, നഷ്ടനീഡം എന്നീ കവിതകളാണ് അനുഷ്ടുപ്പിൽ എഴുതിയിട്ടുള്ളത്. ഏഴുമാത്രാഗണവ്യവസ്ഥയിൽ മിശ്രഗതിയുടെ താളവടിവിൽ ചൊല്ലാൻ സാധ്യതതരുന്ന അനുഷ്ടുപ്പ് വൃത്തം ഭാഷാവൃത്തങ്ങളെപ്പോലെ താളത്തിൽ ചൊല്ലാൻ കഴിയുന്നതുകൊണ്ടാണ് ഇത്രയെങ്കിലും കവിത അനുഷ്ടുപ്പിൽ എഴുതാൻ ഒ. എൻ. വിയെ പ്രേരിപ്പിച്ചത്. സംസ്കൃതവൃത്തത്തിൽ എഴുതിയ ഇത്രയും കവിതകൾ ഒഴിച്ചാൽ ബാക്കി മുഴുവൻ കവിതകളും ഭാഷാവൃത്തത്തിലാണ് ഒ. എൻ. വി എഴുതിയത്.

ഭാഷാവൃത്തങ്ങളിൽ പഞ്ചമാത്രാവിഭാഗത്തിൽ വരുന്ന കാകളിഗോത്രത്തിൽപ്പെട്ട വൃത്തങ്ങളാണ് ഒ. എൻ. വി കൂടുതൽ ഉപയോഗിച്ചത്. അതിൽത്തന്നെ ഏറ്റവും കൂടുതൽ ഉപയോഗിച്ച വൃത്തങ്ങൾ കാകളിയും കാകളിയുടെ വകഭേദമായ മിശ്രകാകളിയുമാണ്. കാകളിഗോത്രത്തിൽപ്പെട്ട വൃത്തങ്ങളുടെ സാധ്യത ഇത്രത്തോളം പ്രയോജനപ്പെടുത്തിയ മറ്റൊരു കവി മലയാളത്തിൽ വേറെയില്ല. ഓരോവരിയിലും മൂന്നക്ഷരത്തിൽ അഞ്ചുമാത്രവരുന്ന നാലുഗണം കൃത്യമായി പാലിച്ചുകൊണ്ട് ഈരടികളായെഴുതുന്ന കാകളിമുതൽ ഭാവത്തിനനുരോധമായി ലഘുപ്രായഗണങ്ങളും ലഘുമയഗണങ്ങളും പലവിധ ഊനഗണങ്ങളും ചേർത്തു വൈവിധ്യത്തിന്റെ അനന്തസാധ്യതകളാണ് കവി നമുക്കു കാട്ടിത്തരുന്നത്. അടികൾക്കും കണക്കില്ലനിൽക്കയും വേണ്ട ഒരേടവും എന്ന ഭാഷാവൃത്തധർമം അതേപടി പാലിക്കുന്ന അനേകം സന്ദർഭങ്ങൾ ഒ. എൻ. വിയുടെ കാകളിക്കവിതകളിൽ കാണാൻ കഴിയും. ഒരു പ്രത്യേക വിഷയമെന്ന നിലയിൽ പഠിക്കാൻ സാധ്യത തരുന്നതാണ് ഒ. എൻ. വിയുടെ കാകളിഗോത്രത്തിൽപ്പെട്ട കവിതകൾ.

ചില ഉദാഹരണങ്ങൾ നോക്കുക. കാകളി ഈരടിയായ് എഴുതുന്നതിന്-

നന്ദിയാരോടാണ് ചൊല്ലുമോ നീയുടൻ
ചെന്നു നിലാവിന്റെ ഗീതം രചിക്കുവാൻ

ഒരു വരി രണ്ടുവരിയായ് എഴുതുന്നതിന്-

എന്റെ കൈത്തണ്ടിലീ
രാഖിച്ചരടു നീ
ബന്ധിച്ചു തെല്ലിട
മിണ്ടാതെനിന്നുവോ

രണ്ടാം വരിയിൽ ഊനം വരുത്തിയതിന്-

എന്മടിത്തട്ടിലിരുന്നു നീയവ്യക്ത
മെന്തോ ഉരുക്കഴിക്കുന്നു

അനുസ്യൂതമായി എഴുതിപ്പോകുന്നതിന്-

അന്തിയാവുന്നു ഞാൻകേൾക്കാൻ കൊതിക്കയാ
ണെന്തിനോകാലിക്കുടമണിയൊച്ചയും
കൂടണയാൻ വെമ്പുമേതോകിളിയുടെ
ആതുരനാദവും തള്ളപ്പിടക്കോഴി-

കാകളിയുടെ വകഭേദങ്ങളിൽ ഒന്നായ മിശ്രകാകളിയിൽ ഏറ്റവും കൂടുതൽ കവിതകൾ എഴുതിയത് ഒ. എൻ. വി ആണെന്നു പറയാം. ഇച്ഛപോലെ ചിലേടത്തു ലഘുപ്രായഗണങ്ങളും ലഘുമയഗണങ്ങളും ചേർത്തു കാകളി ചമയ്ക്കുന്നതാണല്ലോ മിശ്രകാകളി. സ്വാച്ഛന്ദ്യമായി എഴുതിപ്പോകാൻ കൂടുതൽ സ്വാതന്ത്ര്യം അനുവദിക്കുന്ന ഒരുവൃത്തമായിട്ടാണ് മിശ്രകാകളിയെ കവി കണ്ടത്. മിശ്രകാകളിയിൽ കവി എഴുതുമ്പോൾ ആശയങ്ങളുടെ അനർഗളനിർഗളതം അനുവാചകർക്ക് അനുഭവവേദ്യമാകുന്നതു നമുക്കു കാണാം.

വറ്റാത്ത നിറവാർന്ന നിൻ തപ്തദീപ്തമാം
അക്ഷയപാത്രത്തിൻനിന്നുറന്നൊഴുകുന്നൊ
രിത്തിരിച്ചുടുപാൽ വെളിച്ചം കുടിച്ചിവിടെ
ഇച്ചെറിയ വട്ടത്തിലിക്കൊച്ചുഭൂമിയിൽ

ജീവന്റെയുന്മത്തനൃത്തം-എന്നിങ്ങനെ തുടരെ എഴുതിയതിനു ശേഷം അന്ത്യത്തിൽ മാത്രം ഊനം വരുത്തിയിരിക്കുന്നു.

മിശ്രകാകളിയിൽ എഴുതുന്ന ചിലകവിതകൾ എഴുതുന്ന രീതികൊണ്ടു വൃത്തമില്ലാത്ത മുക്തഛന്ദസ്സാണെന്നു തെറ്റിദ്ധരിക്കുന്നവരുണ്ട്.

ഉണരുണരുകീയുഷ്ണഭൂമിയിൽ
നിദാഘ ശരശയ്യയിൽ
മയങ്ങും തടാകകന്യേ
ഉണരുണരൂ
സ്നേഹസ്വരൂപിണി
പയസ്വിനീ
സുചിരാനുരാഗതപസ്വിനീ
സുകൃതിനീ (പിൻവിളി)

എന്ന രീതിയിൽ എഴുതിക്കാണുമ്പോൾ ഇതിലെ വൃത്തം മുക്തഛന്ദസ്സ് ആണെന്നു തോന്നാം. എന്നാൽ

ഉണരുണരു/കീയുഷ്ണ/ഭൂമിയിൽനി/ദാഘ ശര/
ശയ്യയിൽ/മയങ്ങും /തടാക/കന്യേ
ഉണരുണരൂ/സ്നേഹസ്വ/രൂപിണിപ/യസ്വിനീ
സുചിരാനു/രാഗത/പസ്വിനീ/സുകൃതിനീ/

എന്നിങ്ങനെ പഞ്ചമാത്രാഗണവ്യവസ്ഥയിൽ ചൊല്ലുമ്പോൾ മിശ്രകാകളിയുടെ വകഭേദമായി അതു മാറുന്നു. ഇങ്ങനെ എഴുതുന്നരീതിയിൽ വരുത്തുന്ന മാറ്റംമൂലം വൃത്തമില്ലാത്ത കവിതയാണവയെന്നു വൃത്താവബോധമില്ലാത്തവർക്കു തോന്നിയെന്നുവരാം. ഇങ്ങനെ എഴുതുന്ന രീതിയിൽ പരീക്ഷണം വരുത്തുന്നതല്ലാതെ വൃത്തമില്ലാത്ത കവിത ഒ. എൻ. വി എഴുതിയിട്ടില്ല.

കാകളിഗോത്രത്തിൽപ്പെട്ട വൃത്തങ്ങളെ ഏറെ ഇഷ്ടപ്പെട്ട ഒ. എൻ. വി ഏറ്റവും കൂടുതലായി ഉപയോഗിച്ച വൃത്തം കേകയാണ്. 3/2/2/ 3/2/2/ എന്നു കൃത്യമായി ആക്ഷരഗണം പാലിക്കുന്ന സുദൃഢസ്വഭാവമുള്ള വൃത്തമാണ് കേക. ഭാഷാവൃത്തത്തിന്റെ ശ്ലഥസ്വഭാവം കേകയിൽ തീരെക്കുറവാണ്. പ്രാചീനകാലം മുതലേ മലയാളികൾ ഇഷ്ടപ്പെട്ടിരുന്ന ഈ വൃത്തം ഒ. എൻ. വിയ്ക്കും ഏറെ ഇഷ്ടമായിരുന്നെന്നുവേണം കരുതാൻ. ആദ്യസമാഹാരം മുതൽ 2011-ൽ പ്രസിദ്ധീകരിച്ച പുനരപി വരെയുള്ള കാവ്യസമാഹാരങ്ങൾ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. ഉപ്പെന്ന സമാഹാരത്തിലെ നാൽപ്പത്തൊന്നു കവിതകളിൽ പതിനാലെണ്ണം കേകയാണ്. മയിൽപ്പീലിയിലെ ഇരുപതിൽ പന്ത്രണ്ടെണ്ണം കേകയാണ്. അഗ്നിശലഭങ്ങളിൽ മുപ്പത്തിയൊന്നിൽ പതിനാറും കറുത്തപക്ഷിയുടെപാട്ടിൽ ഇരുപത്തിമൂന്നിൽ പതിനാലും ഭൂമിക്കൊരു ചരമഗീതത്തിൽ മുപ്പതിൽ പന്ത്രണ്ടും പുനരപിയിൽ ഇരുപത്തിയൊന്നിൽ എട്ടും കവിതകൾ കേകയിലാണ്. ഈ കണക്ക് നോക്കിയാൽത്തന്നെ ആകെയുള്ള കവിതകളിൽ നാൽപ്പത്തിയഞ്ച് ശതമാനം കവിതകളും ഒ. എൻ. വി കേകയിലാണ് എഴുതിയതെന്നു വ്യക്തമാകും. കേകയോട് ഒ. എൻ. വിക്ക് അത്രയ്ക്കും ഇഷ്ടമായി രുന്നു.

ഓരോ വരിയിലും മൂന്നും രണ്ടും രണ്ടും മൂന്നും രണ്ടും രണ്ടും ചേർന്ന പതിനാലക്ഷരമാണല്ലോ കേകയുടെ സ്വഭാവം. ആ പ്രധാനസ്വഭാവത്തിനു മാറ്റം വരുത്താതെ പലരീതിയിൽ ഒ. എൻ. വി കേക പ്രയോഗിക്കാറുണ്ട്. ഓരോ വരിയും പതിനാലക്ഷരത്തിലെഴുതുന്ന രീതിയും അത് രണ്ടായിമുറിച്ച് ഏഴേഴ് അക്ഷരങ്ങളിൽ എഴുതുന്നരീതിയുമാണ് പൊതുവേ സ്വീകരിച്ചുപോരുന്നത്.

ഇന്നലെ സ്നേഹത്തിന്റെ മുഖം ഞാൻ
സ്വപ്നം കണ്ടു
സിന്ദൂരസൂര്യോദയദീപ്തമാം
നെറ്റിത്തടം

എന്നിങ്ങനെ പതിനാലക്ഷരവരികളെ പലരീതിയിൽമുറിച്ച പലവരികളായി എഴുതുന്ന സ്വഭാവവും ചിലപ്പോൾ കാണാം. ഈരടിക്കു പകരം മൂവടികളായെഴുതുന്ന രീതിയും അപൂർവമായി ഒ. എൻ. വി പരീക്ഷിക്കുന്നു.

എടുത്തുകൊൾകെൻരക്തം ഈ മേശപ്പുറത്തെന്നെ
കിടത്തിയൊരു സൂചി മുഖമെൻ ഞരമ്പിന്മേൽ
കടത്തിയൽപ്പാൽപ്പമായ് എടുത്തുകൊൾകെൻ രക്തം(രക്തദാനം). ഇങ്ങനെ കേകയുടെ വരികൾ വ്യത്യസ്തമായരീതിയിൽ എഴുതി ചില പരീക്ഷണങ്ങൾക്ക് ഒ. എൻ. വി. മുതിർന്നിരുന്നെങ്കിലും കേകയുടെ പതിനാലക്ഷരസ്വഭാവത്തിൽനിന്നദ്ദേഹം വ്യതിചലിക്കുന്നില്ല. കേകയോടുള്ള താൽപ്പര്യം പരമ്പരാഗതമായ ഭാഷാവൃത്തങ്ങളോടുള്ള അദ്ദേഹത്തിന്റെ ശക്തമായ ആഭിമുഖ്യത്തെയാണ് വ്യക്തമാക്കുന്നത്.

**കാകളിയുടെ വകഭേദങ്ങളിൽ ഒന്നായ മിശ്രകാകളിയിൽ ഏറ്റവും കൂടുതൽ കവിതകൾ എഴുതിയത് ഒ. എൻ. വി ആണെന്നു പറയാം. ഇച്ഛപോലെ ചിലേടത്തു ലഘുപ്രായഗണങ്ങളും ലഘുമയഗണങ്ങളും ചേർത്തു കാകളി ചമയ്ക്കുന്നതാണല്ലോ മിശ്രകാകളി. സ്വാച്ഛന്ദ്യമായി എഴുതിപ്പോകാൻ കൂടുതൽ സ്വാതന്ത്ര്യം അനുവദിക്കുന്ന ഒരുവൃത്തമായിട്ടാണ് മിശ്രകാകളിയെ കവി കണ്ടത്.**

ഭാഷാവൃത്തങ്ങളിൽ സവിശേഷപ്രാധാന്യത്തോടെ ഒ. എൻ. വി ഉപയോഗിച്ച മറ്റൊരു വൃത്തമാണ് അന്നനട. എഴുത്തച്ഛന്റെ കർണപർവത്തിലൂടെ സുപരിചിതമായ ഈ വൃത്തം പിന്നീട് അധികം ഉപയോഗിച്ചതായി കാണുന്നില്ല. മലയാളകവികൾക്ക് പൊതുവേ അത്ര പഥ്യമല്ലാതിരുന്ന വൃത്തമാണ് അന്നനട. എഴുത്തിലും ചൊല്ലലിലും പാലിക്കേണ്ടിവരുന്ന കൃത്യതയാണ് അന്നനടയുടെ മുഖ്യസ്വഭാവം. അധികം നീട്ടിച്ചൊല്ലാൻ കഴിയാത്ത ഗേയസ്വഭാവം വളരെക്കുറഞ്ഞ ഈ വൃത്തം ഒ. എൻ. വിക്ക് ഏറെ പ്രിയമായിരുന്നു. എല്ലാ കാവ്യസമാഹാരങ്ങളിലും അന്നനടയിലുള്ള കവിതകൾ കാണുന്നുണ്ട്. അദ്ദേഹത്തിന്റെ പ്രധാനകവിതകളിൽ പലതും അന്നനടയിലാണ് എഴുതിയിട്ടുള്ളത്. ഗഹനമായ ആധുനികവിഷയം വരെ നിഷ്പ്രയാസം അന്നനടയിൽ കവി എഴുതിപ്പോകുന്നു. കായൽകൊറ്റി, മാളവിക, ഏകലവ്യൻ, തീരെ ചെറിയ ശബ്ദങ്ങൾ, നീ, ഒടുക്കത്തെ പകലിന്റെ സാക്ഷി, എനിക്കും എന്നിങ്ങനെ നീളുന്നു അന്നനടയിലെഴുതിയ കവിതകളുടെ പേരുകൾ.

പെരുവിരലറുത്തിതാ തരുന്നു ഞാൻ
ഗുരോ നിൻകൽപ്പനനിറവേറ്റുന്നു ഞാൻ

എന്ന രീതിയിൽ പന്ത്രണ്ടക്ഷരം കൃത്യമായി പാലിച്ചുകൊണ്ടാ

ണ് അന്നനടയിലെഴുതേണ്ടത്. കാകളിയിലും കേകയിലും വരികൾ മുറിച്ചെഴുതി പലമാറ്റം വരുത്താറുള്ള കവി അന്നനട യുടെ രചനയിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല എന്നതും ഏറെ ശ്രദ്ധേയമത്രേ.

ചതുർമാത്രാവിഭാഗത്തിലുള്ള തരംഗിണീഗോത്രത്തിൽപ്പെട്ട വൃത്തങ്ങളിൽ കുറേ കവിതകൾ അദ്ദേഹം എഴുതിയിട്ടുണ്ട്. തരംഗിണിയും ഊനതരംഗിണിയുമാണ് ഇതിൽ മുഖ്യം.

ഗോപികമാരുടെ ശ്യാമവിഷാദം
സിരകളിലലിയുകയാലോ നീയൊരു
ശോകാകുലയാം വിരഹിണിയായി
പാടിയലഞ്ഞതിനാലോ... (കാളിന്ദി) എന്ന ചതുഷ്പാദി

യുടെ അന്ത്യത്തിൽ ഊനം വരുത്തിയും

കടലിൽ പോയൊരു തോണിയെനോക്കി
യിരിക്കും കണ്ണുകളിൽ
പടുതര തകരവിളക്കിൻ മിഴികളു
മാരോ പൊത്തുന്നു. (ഞാനെവിടെ) എന്നിങ്ങനെ ഓരോ


ഈരടിയുടെ അന്ത്യത്തിൽ ഊനം വരുത്തിയും

നീണ്ടൊരു യാത്രയ്ക്കിടയിലൊരർധ
വിരാമം പോലിങ്ങണയേ
എൻതൊടിയിൽ മുന്തിരി വള്ളി
പടർത്താൻ കെട്ടിയൊരുക്കി
പന്തലിലൊരു കയ്പൻ പാവൽ
പടർത്തി കാവലിരുന്നേൻ എന്ന രീതിയിൽ തരംഗിണീ

താളത്തിൽ അനുസ്യൂതം എഴുതിപ്പോകുന്ന രീതിയും ഒ. എൻ. വി സ്വീകരിക്കുന്നു.

കീർത്തനങ്ങളിലൂടെയും മറ്റും മലയാളികൾക്കു സുപരിചി തമായ ദ്രുതകാകളിയും പാനയും സർപ്പിണിയും മാവേലിയും ഒ. എൻ. വിക്കും ഇഷ്ടപ്പെട്ട വൃത്തങ്ങളായിരുന്നു. ഏതാണ്ട് എല്ലാ കാവ്യസമാഹാരങ്ങളിലും ഇപ്പറഞ്ഞ വൃത്തങ്ങളിൽ കവിതകളെഴുതിയിട്ടുണ്ട്. മുത്തിയും ചോഴിയും കൊറ്റികൾ പറക്കുമ്പോൾ, അപരാഹ്നം, പഴയ പാണൻ, കുഞ്ഞേടത്തി അവരുടെ മാവേലി, പല്ലക്കിന്റെ കഥ, കേരളപ്പാന, വെളിച്ച ത്തിന്റെ പാട്ടുകൾ എന്നിങ്ങനെ അനേകം കവിതകൾ ഉദാഹ രണമായിയുട്ടുണ്ട്. നാടോടി ചുവയുള്ള ഗ്രാമീണവിഷയങ്ങൾ സ്വീകരിക്കുമ്പോഴാണ് ഇത്തരം വൃത്ത ങ്ങൾ അദ്ദേഹം ഉപയോഗിക്കുന്നത്.

മിശ്രഗതിയിലുള്ള ഏഴുമാത്രാഗണം വരുന്ന വൃത്തങ്ങൾ രാമചരിതത്തിലും നാടൻ പാട്ടുകളിലും തുള്ളൽപാട്ടുകളി ലുമൊക്കെ ധാരാളമായി ഉപയോഗിച്ചി ട്ടുള്ളതാണ്. വൃത്തമഞ്ജരിയിൽ അത്തരം വൃത്തങ്ങളുടെ പഠനം വേണ്ട ത്ര ഉണ്ടാകാതെയിരുന്നതിനാൽ അവ യ്ക്ക് കൃത്യമായ പേരും ഉണ്ടായില്ല, പര മ്പരാഗതമായ ഭാഷാവൃത്തങ്ങളുടെ കൂട്ടത്തിൽ അവയെ ഉൾപ്പെടുത്തിയിട്ടു മില്ല. ഇതുകൊണ്ടാവാം ഒ. എൻ. വിയും വളരെക്കുറച്ച് കവിതകൾ മാത്രമേ ഈ വിഭാഗത്തിൽ വരുന്ന വൃത്തങ്ങളിൽ എഴുതിയിട്ടുള്ളൂ. ചില ഉദാഹരണങ്ങൾ നോക്കുക:




പുലരുവാനിനി/യെത്രയുണ്ടെ/ന്നേ
തുമറിയാ/തെ
പുരിയിലിപ്പൽ/പ്പായിലലസം/ ഞാൻ കിടക്കു/ന്നേൻ. (സ്മൃതിതാളങ്ങൾ)

പൂവിരിയേ/ണ്ടിടത്തെല്ലാം/പൊന്നുരുക്കാ/നല്ലോ
പൂതിയിന്നു /നമുക്കുപൊ/ന്നാശപൂക്കും /നെഞ്ചിൽ
(എന്തിനിന്നു പൂത്തു)

മൺചിരാതി/ലെണ്ണവാർന്നു/ നൂൽത്തിരികൊ/ളുത്തി
ഗംഗയിലൊ/ഴുക്കുവാനാ/യിന്നു വന്നു /നമ്മൾ (ഗംഗയിലെ

വിളക്കുകൾ) എന്നിവ ഉദാഹരണങ്ങൾ.

വഞ്ചിപ്പാട്ടിന്റെ വൃത്തമായ നതോന്നത ഉപ്പ് എന്ന സമാ ഹാരത്തിലെ മയക്കോവ്സ്കി ചത്വരത്തിൽ എന്ന ഒരു കവി തയിൽ മാത്രമാണ് കവി ഉപയോഗിച്ചത്.

ഇവിടെയീ നീലാകാശ
ക്കുടക്കീഴിൽ നിൽക്കേ ജനം
നിബിഡരഥ്യകൾ നോക്കി
ജീവിതം നോക്കി

ഭാഷയിലെ പരമ്പരാഗതവൃത്തങ്ങളിലല്ലാതെ താളത്തെ ആധാരമാക്കി രൂപപ്പെടുന്ന താളവൃത്തങ്ങളിലും ഒ. എൻ. വി. കുറച്ചു കവിതകളെഴുതിയിട്ടുണ്ട്. ഭാഷാവൃത്തത്തിന്റെ ഘടന തന്നെയാണതിനുമുള്ളത്.

ആടുന്നു സന്താൾ നർത്തക
രാടുന്നു തീ കടയുന്നൊരു
കാട്ടുകളുടെ കരളുമിടിപ്പതു
കാണുന്നു ഞാനെൻമുന്നിൽ (സന്താൾ നർത്തകർ)
ഓണവില്ലു കൊട്ടി നമ്മളെത്രവട്ടം പാടി
ഓർമകളിൽ വാഴുമൊരു മന്നവനെപ്പറ്റി. (ഓണപ്പാട്ടുകൾ)
കടലിനെനോക്കിയിരിപ്പു കടിലുകൾ
കുടിലിലെ ജന്മങ്ങൾ
കതിർമുടികരിയും തെങ്ങുകൾകർക്കി
ടകക്കരി വേഷങ്ങൾ (ഞാനെവിടെ) തുടങ്ങിയ ഉദാഹര

ണങ്ങൾ നോക്കുക. എന്നാൽ അത്തരത്തിൽപ്പെട്ട കവിതകൾ ഒ. എൻ. വി വളരെ കുറച്ചു മാത്രമേ എഴുതിയിട്ടുള്ളൂ.

ഒ. എൻ. വിയുടെ ഇരുപത്തിയേഴു കാവ്യസമാഹാരങ്ങളി ലെ നാന്നൂറ്റിയെഴുപതോളം കവിതകളെ ആധാരമാക്കി നിർ വഹിച്ച ഈ പഠനത്തിൽനിന്നു നാം മനസ്സിലാക്കേണ്ട ഏറെ ശ്രദ്ധേയമായ വസ്തുത വൃത്തമില്ലാത്ത ഒരൊറ്റ കവിതപോലും ഒ. എൻ. വി എഴുതിയിട്ടില്ല എന്നതാണ് (ഒ. എൻ. വിയുടെ കവിതകൾ -ഒന്നും രണ്ടും ഭാഗം ഡിസി ബുക്സ്). വൃത്തമഞ്ജരി യിൽ ലക്ഷണം കൽപ്പിച്ച് വ്യവസ്ഥാപി തമാക്കിയ പരമ്പരാഗത വൃത്തങ്ങളായ കേകയും കാകളിയും കളകാഞ്ചിയും തരംഗിണിയും അന്നനടയും പാനയുമൊ ക്കെയാണ് ഒ. എൻ. വി ഏറെ ഉപയോ ഗിച്ചത്. ഓരോ സമാഹാരങ്ങളിലെയും വൃത്തങ്ങളുടെ കണക്കു പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. ഭാഷയിൽ പ്ര ചാരമുണ്ടായിരുന്ന താളവൃത്തങ്ങൾ വള രെക്കുറച്ചുമാത്രമേ അദ്ദേഹം ഉപയോ ഗിച്ചിട്ടുള്ളൂ. നമ്മുടെ ആധുനിക കവി കളെപ്പോലെ വൃത്തത്തിൽ പരീക്ഷണം നടത്താൻ അദ്ദേഹം മുതിർന്നില്ല. വൃത്തനി ബദ്ധമായ വരികളെ പല

ഖണ്ഡങ്ങളായി മുറിച്ചെഴുതി എന്നുവരാം. അങ്ങനെ എഴുതിയതു കാണുമ്പോൾ അവ കൃത്യമായ വൃത്തത്തിലല്ല എഴുതിയതെന്നുതോന്നാം. എന്നാൽ അവയിലെ താളം മനസ്സിലാക്കി ചൊല്ലാൻ തുടങ്ങുമ്പോൾ വൃത്തഭംഗമശേഷമില്ലാത്ത പാരമ്പരാഗതവൃത്തങ്ങളാണ് അവയെന്ന മനസ്സിലാവുകയും ചെയ്യും. കവിയുടെ ആദ്യകാലസമാഹാരങ്ങളിലെ കവിതകൾ പൂർണമായും പരമ്പരാഗതവൃത്തങ്ങളിലാണ് എഴുതിയിട്ടുള്ളത്. ആധുനികതയോട് അടുത്തപ്പോഴാണ് മുമ്പുപറഞ്ഞ രചനാരീതി അദ്ദേഹം സ്വീകരിച്ചതും ഈണവൃത്തൾ കൂടി കവിതയിൽ ഉൾപ്പെടുത്തിയതും.

വൃത്തസങ്കൽപ്പത്തെക്കുറിച്ച് കവി പറയുന്നതുകൂടി നോക്കുക. വൃത്തം ബോധപൂർവം തിരഞ്ഞെടുക്കുകയല്ല സഞ്ചിതാവബോധത്തിൽനിന്നു അതിന്റെ സ്വന്തം താളത്തിൽ പുറത്തുവരുകയാണ്. ഒരു പ്രത്യേകഭാവത്തെ ഉദ്ദീപിക്കുന്നതിനും വികസിപ്പിക്കുന്നതിനും പഴയശീലുകളും താളങ്ങളുംഎന്റെ സഹായത്തിനെത്തുന്നു. മനപ്പൂർവം ആ സഹായം വേണ്ടെന്നു വയ്ക്കാൻ കാരണമൊന്നും കാണുന്നില്ല (അപരാഹ്നത്തിന്റെ ആമുഖത്തിൽ ഡോ. എം. എം. ബഷീറുമായുള്ള അഭിമുഖത്തിൽ നിന്ന്). ഇങ്ങനെ നോക്കുമ്പോൾ താളത്തിൽ, നമ്മുടെ പഴയശീലുകളിൽ, പരമ്പരാഗതമായ വൃത്തത്തിൽ എഴുതുന്നതു മാത്രമാണ് കവിത എന്നു വിശ്വസിച്ച ആധുനിക കവിയാണ് ഒ. എൻ. വി കുറുപ്പ്. മാത്രമല്ല കവിത വൃത്തത്തിൻ മാത്രം എഴുതുക എന്നത് ഒരു സഞ്ചിത സംസ്കാരത്തിന്റെ പ്രതിഫലനം കൂടിയാണെന്നു നമ്മേ ബോധ്യപ്പെടുത്തുകയും ചെയ്യുന്ന കവി. പാട്ടുപാരമ്പര്യ ത്തിലൂടെ രൂപം കൊണ്ട വൃത്തസങ്കൽപ്പം അതേപടി ആദ്യന്തം തന്റെ കവിതയുടെ ആത്മാവായി കൈക്കൊണ്ട ഈ കവി മർത്ത്യരാം മർത്ത്യരോടാകെയെൻ പട്ടുപാട്ടുപാടുവാൻ, പറകൊട്ടിയോതുവാൻ വാക്കിന്റെ തിരിയിൽ നിന്നെരിയുവാൻ വന്ന മലയാള കവിതയിലെ സൂര്യതേ ജസ്സതന്നെ യെന്ന സമ്മതിക്കേണ്ടി വരും.


ഒ.എൻ.വി.

ഒ. എൻ. വിയുടെ ഓരോ കവിതയുടെയും വൃത്തംകൂടി പരാമർശിക്കുന്ന ഒരു സൂചിക തയാറാക്കാവുന്നതാണ്. ഉദാഹരണമായി ശാർങ്ഗക പക്ഷികൾ എന്ന സമാഹാരത്തിലെ കവിതകൾ എടുക്കുക. അശാന്തി പർവം-കേക, ശാർങ്ഗകപക്ഷികൾ -കാകളി, ഏകലവ്യൻ-അന്നനട, നീളാതീരത്ത് വീണ്ടും-കാകളിയും മിശ്രകാകളിയും വീടുകൾ -മിശ്രകാകളി, ഹേ ദില്ലി -കാകളി, വിരുന്ന് -കേക, പാലങ്ങൾ-കാകളി, ഗുരു- കേക,തീരെ ചെറിയ ശബ്ദങ്ങൾ -അന്നനട, പിൻവിളി -മിശ്രകാകളി, ഓണച്ചിന്തുകൾ-മിശ്രകാകളി, സ്മാരകലക്ഷം -കേക എന്നിങ്ങനെ ആ സമാഹാരത്തിലെ മുപ്പതു കവിതകൾക്കും വൃത്തത്തിന്റെ പേരുചേർത്തു സൂചിക തയാറാക്കാൻ കഴിയും. ഇങ്ങനെ എല്ലാകാവ്യ സമാഹാരങ്ങൾക്കും വൃത്തസൂചിക തയാറാക്കിയാൽ ഒ. എൻ. വിക്കവിതകളുടെ വൃത്തം മനസ്സിലാകുന്നതിനോടൊപ്പം വൃത്തത്തിന്റെ അനിവാര്യത കവിതയിൽ എത്രത്തോളമാണെന്നു വ്യക്തമാവുകയും ചെയ്യും.

*(ഡോ. ആർ ഹരിശ്ചന്ദ്രൻ - 9388404006)*